**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1547** **16-10-2026-ൽ മറുപടിയ്ക്ക്**

**<u>പേരാമ്പ്ര വില്ലേജിൽ ടീച്ചർ എഡ്യൂക്കേഷൻ സെന്ററിന് കെട്ടിടം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. സനീഷ്കുമാർ ജോസഫ് ശ്രീ. റോജി എം. ജോൺ
(ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

**(എ)** ചാലക്കുടി താലൂക്കിലെ പേരാമ്പ്ര വില്ലേജിൽ കാലിക്കറ്റ് സർവകലാശാലയുടെ ടീച്ചർ എഡ്യൂക്കേഷൻ സെന്ററിന് കെട്ടിടം പണിയുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

**<u>മറുപടി:</u>** കെട്ടിടം നിർമിക്കുന്നതിനായുള്ള പ്രൊപ്പോസൽ സർവകലാശാലാ പ്ലാനിംഗ് ആൻഡ് വർക്സ് സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്. വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് മുന്നോടിയായുള്ള സ്ട്രക്ച്ചറൽ ഡിസൈൻ തയ്യാറാക്കുന്നതിനായി മണ്ണുപരിശോധന പൂർത്തിയായിട്ടുണ്ട്. സ്ട്രക്ച്ചറൽ ഡിസൈൻ ലഭ്യമാകുന്ന മുറക്ക് വിശദമായ എസ്റ്റിമേറ്റ് സമർപ്പിക്കുന്നതാണ്. ഫയർ ആൻഡ് റെസ്ക്യൂ വിഭാഗത്തിൽ നിന്നും കെട്ടിടനിർമ്മാണത്തിനുള്ള നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് (NOC) ലഭ്യമാക്കിയിട്ടുണ്ട്.

**(ബി)** കെട്ടിടം പണിയുന്നതിനായി വിശദമായ പദ്ധതി അടങ്കൽ സർവകലാശാല തയ്യാറാക്കിയിട്ടുണ്ടോ; ആയതിന് അംഗീകാരം ലഭിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ;

**<u>മറുപടി:</u>** വിശദമായ പദ്ധതി അടങ്കൽ തയ്യാറാക്കുന്നതിനായി എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം ലഭിക്കേണ്ടതുണ്ട്.

**(സി)** പുതിയ കെട്ടിടത്തിൽ ഒരുക്കിയിട്ടുള്ള സൗകര്യങ്ങളും ആയതിനായി എത്ര തുകയുടെ എസ്റ്റിമേറ്റിനാണ് സർവകലാശാല അംഗീകാരം നൽകിയിട്ടുള്ളതെന്നും വിശദമാക്കുമോ;

**<u>മറുപടി:</u>** ടീച്ചർ എഡ്യുക്കേഷൻ സെൻററിനായി 3 നിലകളുള്ള കെട്ടിടമാണ് നിർമ്മിയ്ക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. ആദ്യ ഘട്ടമായി രണ്ട് നിലകളിലായി 1350 ചതുരശ്ര മീറ്ററിൽ, 12 ക്ലാസ്സ് റൂമുകൾ, 2 സ്റ്റാഫ് റൂമുകൾ, മൾട്ടിപ്പർപ്പസ് ഹാൾ, ആക്ടിവിറ്റി കം റിസോഴ്സ് സെന്റർ, ലൈബ്രറി, ഹെൽത്ത് & ഫിസിക്കൽ എഡ്യൂക്കേഷൻ ലാബ്, സെമിനാർ റൂം, ലബോറട്ടറി, പ്രിൻസിപ്പാൾ റൂം, ഓഫീസ്, ഭിന്നശേഷിക്കാർക്കും സ്ത്രീകൾക്കും പുരുഷൻമാർക്കുമായി പ്രത്യേകം ടോയ്ലറ്റുകൾ, മെസ്സ്ഹാൾ, ലേഡീസ് റൂം, ലിഫ്റ്റ് വെൽ എന്നിവയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ട്രക്ച്ചറൽ ഡിസൈൻ ലഭ്യമാകുന്ന മുറയ്ക്ക്, എസ്റ്റിമേറ്റ് സമർപ്പിക്കുന്നതാണെന്ന് സർവകലാശാല അറിയിച്ചിട്ടുണ്ട്.

**(ഡി)** കെട്ടിട നിർമ്മാണം എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

**<u>മറുപടി:</u>** പഞ്ചായത്തിൽ നിന്നുള്ള കെട്ടിടനിർമ്മാണത്തിനുള്ള അനുമതിയും എസ്റ്റിമേറ്റിനുള്ള ഭരണാനുമതിയും ലഭ്യമാകുന്ന മുറക്ക് കെട്ടിട നിർമ്മാണം ആരംഭിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**